**കേരള സർക്കാർ**

**സംഗ്രഹം.**

തദ്ദേശസ്വയംഭരണ വകുപ്പ് - വിനോദ നികുതി - വഴിക്കടവ് ഗ്രാമപഞ്ചായത്ത് - പാലാട് ഗ്രൗണ്ടിൽ വെച്ച് 2016 ഡിസംബർ 25 മുതൽ 2017 ജനുവരി 25 വരെ നടത്തിയ അഖിലേന്ത്യ സെവൻസ് ഫുട്ബോൾ ടൂർണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

...

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്.**

സ.ഉ.(സാധാ).നം. 361 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 08/02/2017

...

പരാമർശം : 1. വഴിക്കടവ് ഗ്രാമപഞ്ചായത്തിന്റെ 17/12/16 ലെ 4/16 നമ്പർ തീരുമാനം.

2.വഴിക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 2/2/2017 ലെ കത്ത്.

**ഉത്തരവ്**

വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 11 യുവജന ക്ലബ്ബുകളുടെ പശ്ചാത്തല വികസനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ പാലാട് ഗ്രൗണ്ടിൽ വെച്ച് 2016 ഡിസംബർ 25 മുതൽ 2017 ജനുവരി 25 വരെ നടത്തിയ അഖിലേന്ത്യ സെവൻസ് ഫുട്ബോൾ ടൂർണമെന്റിനെ പരാമർശം (1) പ്രകാരമുള്ള കൗൺസിലിന്റെ തീരുമാനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റെർടൈൻമെന്റ് ടാക്സ് ആക്ട് '7 (എ) വകുപ്പ് പ്രകാരം വിനോദനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു. പൊതുജനത്തിന് നൽകുന്ന ടിക്കറ്റ് ചാർജിൽനിന്നും വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
പ്രസിഡന്റ്, വഴിക്കടവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം
സെക്രട്ടറി, വഴിക്കടവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എസ്സിന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്